കേരള സർക്കാർ

സംഗ്രഹം

സാംസ്കാരിക വകുപ്പ് - സാംസ്കാരിക ഡയറക്ടറേറ്റിൻെറ പ്രവർത്തന പരിധിയിൽ വരുന്ന വിഷയങ്ങൾ തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാംസ്കാരിക കാര്യ (ബി) വകുപ്പ്

ജി.ഒ(എം.എസ്സ്)നം.93/2005/സി/എ.ഡി. തീയതി,തിരുവനന്തപുരം, 22.12.2005.

---

പരാമർശം:- 2005 ആഗസ്റ്റ് 25-ാം തീയതിയിലെ സർക്കാർ ഉത്തരവ് നം.77/05/ സി.എ.ഡി.

## ഉത്തരവ്

പരാമർശം അനുസരിച്ച് രൂപവത്ക്കരിച്ച സാംസ്കാരിക അദ്ധ്യക്ഷ കാര്യാലയത്തിൻെറ സ്വരൂപം, സ്വഭാവം എന്നിവ സംബന്ധിച്ച് സങ്കൽപനങ്ങൾ ആവിഷ്കരിക്കുന്നതിൻെറ ഭാഗമായി സെക്രട്ടേറിയറ്റിലെ സാംസ്കാരിക വകുപ്പ് കൈകാര്യം ചെയ്തു വന്നിരുന്ന താഴെ പറയുന്ന വിഷയങ്ങൾ സാംസ്കാരിക അദ്ധ്യക്ഷ കാര്യാലയത്തിൻെറ പ്രവർത്തന പരിധിയിൽ വരുത്തികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇതനുസരിച്ച്, അവശകലാകാര പെൻഷൻ, വിവിധ അവാർഡുകൾ, അവശകലാകാരന്മാർക്കുള്ള അടിയന്തിര സഹായം മൺമറഞ്ഞവരും പ്രഗത്ഭമതികളുമായ കലാസാഹിത്യകാരന്മാരുടെ സ്മാരകങ്ങൾക്കുള്ള വാർഷിക ധനസഹായം, സംഗീത നാടക, നൃത്ത വിഭാഗങ്ങളെ പ്രോത്സാഹിപ്പിക്കുന്ന സ്ഥാപനങ്ങൾക്കുള്ള ധനസഹായം, ജവഹർ ബാലഭവനുള്ള വാർഷിക ധനസഹായം, അന്തരിച്ച പല്ലാവൂർ അപ്പുമാരാരുടെയും പി.ജെ.ആൻറണിയുടെയും വിധവകളായ ശ്രീമതിമാർ ലക്ഷ്മിക്കുട്ടിയമ്മ, മേരി ആൻറണി എന്നിവർക്ക് വാർഷിക പെൻഷൻ (24,000. രൂപാ വീതം) ഇവ സാംസ്കാരിക അദ്ധ്യക്ഷ കാര്യാലയത്തിൻെറ പ്രവർത്തന പരിധിയിൽ വരുന്നതാണ്.

വിവിധ അവാർഡുകൾ നിശ്ചയിക്കുന്നതിനുള്ള കമ്മിറ്റികൾ രൂപവത്കരിക്കാനുള്ള നിർദ്ദേശം സർക്കാരിന് നല്കുക, കമ്മിറ്റി രൂപവത്കരിച്ചുകൊണ്ട് സർക്കാർ ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് അവാർഡ്ദാനം സംബന്ധിച്ച എല്ലാകാര്യങ്ങളും ബന്ധപ്പെട്ട അക്കാദമികളുമായി ആലോചിച്ച് നിർവ്വഹിക്കുക, അവശകലാകാര പെൻഷൻ ആർക്കൊക്കെ നല്കണമെന്ന കാര്യം സർക്കാർ നിശ്ചയിക്കുന്ന മുറയ്ക്ക് ഇപ്പോൾ ജില്ലാ കളക്ടർമാർ മുഖേന വിതരണം ചെയ്തു വരുന്ന പെൻഷൻ സംബന്ധിച്ച് അവശേഷിക്കുന്ന ജോലികൾ- (പരാതികൾ ഉൾപ്പെടെ) ഇവ സാംസ്കാരിക അദ്ധ്യക്ഷ കാര്യാലയം നിർവ്വഹിക്കേണ്ടതാണ്.